**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1913** **22.03.2012 ൽ മറുപടിക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

**ചോദ്യം** **മറുപടി**

ഡോ. ടി.എം.തോമസ് ഐസക് ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമിയേറ്റെടുക്കൽ, വൈദ്യുതി , ശുദ്ധജലം എന്നിവ ലഭ്യമാക്കൽ, റെയിൽവേ ലൈൻ നിർമ്മാണം തുടങ്ങിയവയ്ക്ക് ആവശ്യമായ നടപടികൾ ഏത് ഘട്ടത്തിലായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | എ | ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ പ്രവൃത്തികളുടെ അവസ്ഥ ചുവടെ ചേർക്കുന്നു.<br>**ഭൂമി ഏറ്റെടുക്കൽ**<br>റോഡ്, ട്രക്ക് ടെർമിനൽ, ബാക്ക് അപ് ഏരിയ എന്നിവയ്ക്കായി 34 ഏക്കർ 36 സെന്റ് ഭൂമി ഏറ്റെടുത്തിരുന്നു.<br>**വൈദ്യുതി**<br>വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ആവശ്യത്തിനായി (നിർമ്മാണ സമയത്ത് 5 MW/ ഒന്നാം ഘട്ടം 35 MW/ ആദ്യ ഘട്ടം 70 MW) കാട്ടാക്കട നിന്നും വിഴിഞ്ഞത്തേയ്ക്ക് 220 കെ.വി. മൾട്ടി സർക്യൂട്ട് ലൈൻ കെ.എസ്.ഇ.ബി മുഖാന്തിരം നിർമ്മിയ്ക്കുന്നതിനുള്ള ധാരണാപത്രം 14.02.2011 ൽ ഒപ്പുവെയ്ക്കുകയുണ്ടായി. ഇതേത്തുടർന്ന് പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി 41,23,04,000/- രൂപ വി.ഐ.എസ്.എൽ, 8/04/2011 ൽ കൈമാറുകയുണ്ടായി. എന്നാൽ പ്രസ്തുത 220 കെ.വി.ലൈൻ കൊണ്ടുപോകുന്നതിനായി മുടവൂർപ്പാറ -വെങ്ങാനൂർ മേഖലയിൽ കെ.എസ്.ഇ.ബി യും റെയിൽവേയും തമ്മിൽ ഒരു ധാരണയിലെത്താത്തതിനാൽ പ്രസ്തുത പാത അന്തിമമാക്കാനായില്ല.<br>**ശുദ്ധജലം**<br>വിഴിഞ്ഞം തുറമുഖത്തിനാവശ്യമായ ജല വിതരണം സംബന്ധിച്ച് കേരളാ വാട്ടർ അതോറിറ്റി പഠനം |

| | | | |
|---|---|---|---|
| | | | നടത്തി 2006 ആഗസ്റ്റ് മാസത്തിൽ റിപ്പോർട്ട് തയ്യാറാക്കി. വെള്ളായണി കായലിൽ നിന്നും കൊണ്ടുവരുന്ന ജലം വിഴിഞ്ഞത്തു സ്ഥാപിക്കുന്ന 3.2 MLD ശേഷിയുള്ള ശുദ്ധീകരണ പ്ലാന്റിൽ ശുദ്ധീകരിച്ച് വിതരണം ചെയ്യുവാനാണ് പദ്ധതി. പദ്ധതി നിർമ്മാണം സംബന്ധിച്ച് വി.ഐ.എസ്.എൽ. കേരളാ വാട്ടർ അതോറിറ്റിയുമായി 2007 ജൂലൈ മാസത്തിൽ കരാറൊപ്പുവച്ചു. തുടർന്ന് ശുദ്ധീകരണ പ്ലാന്റിനു ആവശ്യമായി വരുന്ന 50 സെന്റ് സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും വി.ഐ.എസ്.എൽ. നു കൈമാറാൻ 2008 ആഗസ്റ്റിൽ തീരുമാനിച്ചു. തുടർന്ന് കേരളാ വാട്ടർ അതോറിറ്റി 2010 ഫെബ്രുവരി മാസത്തിൽ ടെൻഡർ വിളിച്ചുവെങ്കിലും കരാർ നൽകുന്നതു സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിരുന്നില്ല.<br>**<u>റെയിൽപ്പാത</u>**<br>വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് റെയിൽവേ ലൈനിന്റെ സാധ്യതാപഠനത്തിനായി 2007 ഏപ്രിൽ മാസത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽ മന്ത്രാലയത്തിനു കീഴിലുള്ള ' റൈറ്റ്സ്' എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. 2008 ഏപ്രിൽ മാസത്തിൽ ' റൈറ്റ്സ്' റിപ്പോർട്ട് നൽകുകയുണ്ടായി. വിഴിഞ്ഞം തുറമുഖത്തു നിന്നാരംഭിച്ച് നിലവിലുള്ള ബാലരാമപുരം സ്റ്റേഷനിലേയ്ക്കും നേമം സ്റ്റേഷനിലേയ്ക്കും ബന്ധിപ്പിക്കുന്ന തരത്തിൽ 11.15 കി.മീ. നീളമുള്ള ഒരു റെയിൽപ്പാതയാണ് ' റൈറ്റ്സ്' നിർദ്ദേശിച്ചിരുന്നത്. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനും, റെയിൽപ്പാത നിർമ്മാണത്തിനുമായി 2011 ഫെബ്രുവരി 14 ന് സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ആർ.വി.എൻ.എൽ എന്ന സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവെച്ചു. |
| ബി | ഇപ്പോൾ ഈ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ? | ബി | മേൽപ്പറഞ്ഞ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br>**<u>1. ഭൂമി ഏറ്റെടുക്കൽ</u>**<br>റോഡ്, ട്രക്ക് ടെർമിനൽ, ബാക്ക് അപ് ഏരിയ എന്നിവയ്ക്കായി മുൻപ് ഏറ്റെടുത്ത ഭൂമിയ്ക്ക് |

| | | | |
|---|---|---|---|
| | | | പുറമേ 47 ഏക്കർ 84 സെന്റ് ഭൂമി കൂടി ഏറ്റെടുത്തു.<br>**2. വൈദ്യുതി**<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതിയുമായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വൈദ്യുതി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11-10-2011 ൽ കൂടുകയും, കെ.എസ്.ഇ.ബി യും റെയിൽവേയും (ആർ.വി.എൻ.എൽ) തമ്മിൽ ഒരു ധാരണയിലെത്തിയ്ക്കുകയുമുണ്ടായി. ( ബാലരാമപുരം മുതൽ വിഴിഞ്ഞം വരെ 220 കെ.വി. ഡി.സി. ലൈൻ വലിയ്ക്കുവാനും, ബാലരാമപുരം മുതൽ കാട്ടാക്കട വരെ 220 കെ.വി. എം.സി ലൈൻ വലിയ്ക്കാനുമാണ് ധാരണയായത്) ഇതേ തുടർന്ന് 2012 ഫെബ്രുവരി 7, 8 തീയതികളിൽ നടന്ന മാസ്റ്റർ പ്ലാൻ സംബന്ധിച്ച യോഗത്തിൽ വിഴിഞ്ഞം പദ്ധതിയ്ക്കുള്ള സബ്സ്റ്റേഷൻ ക്ടാരക്കുഴി ഭാഗത്ത് നിർമ്മിയ്ക്കുവാനും തീരുമാനിച്ചു. പ്രസരണ ലൈൻ സംബന്ധിച്ച എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി.തയ്യാറാക്കുകയും തുടർന്ന് ടെൻഡർ നടപടികൾ ആരംഭിക്കുകയുമുണ്ടായിട്ടുണ്ട്.<br>**3.ശുദ്ധജലം**<br>വിഴിഞ്ഞം പദ്ധതിയ്ക്കുള്ള ജല വിതരണം ജോലിയുടെ മുടങ്ങിക്കിടന്ന കരാർ സംബന്ധിച്ച് 11.01.2012 ൽ തീരുമാനമെടുത്തു. പദ്ധതി ചെലവായ 6,89,28,000/- രൂപ കേരളാ വാട്ടർ അതോറിറ്റിയ്ക്കു തുറമുഖ കമ്പനി കൈമാറുകയും, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 22-02-2012 ൽ നടത്തുകയുമുണ്ടായി. കൂടാതെ നിർദ്ദിഷ്ട പദ്ധതിയുടെ സ്ഥാപിത ശേഷിയുടെ നേർപകുതി ജലം ( 1.5 MLD) ശുദ്ധജലക്ഷാമം അതിരൂക്ഷമായി അനുഭവിക്കുന്ന വിഴിഞ്ഞം ഭാഗത്തെ 5 കോർപ്പറേഷൻ വാർഡിലെ ജനങ്ങൾക്കു നൽകുവാനും തീരുമാനമായി.<br>**4. റെയിൽപ്പാത**<br>വിഴിഞ്ഞം പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽവേ ലൈൻ സംബന്ധിച്ച വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ആർ.വി.എൻ.എൽ 2011 ജൂലൈ മാസത്തിൽ തയ്യാറാക്കി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയുണ്ടായി. വിഴിഞ്ഞം പദ്ധതി പ്രദേശത്തു നിന്നാരംഭിച്ച് നിലവിലെ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വഴി നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരുന്ന വിധം 15.65 കി.മീ നീളമുള്ളതാണ് പ്രസ്തുത പാത. ഇതു സംബന്ധിച്ച ഒരു സർവ്വകക്ഷിയോഗം 2011 ഡിസംബർ 20 നു കൂടുകയുണ്ടായി. ഇതേത്തുടർന്നുയർന്നു വന്ന വിവിധ അഭിപ്രായങ്ങളും ആശങ്കകളും കണക്കിലെടുത്ത്, പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കഴിവതും കുറച്ചുകൊണ്ട് മറ്റിതര മാർഗ്ഗങ്ങൾ സംബന്ധിച്ച പഠനം ആർ.വി.എൻ.എൽ നടത്തിവരുന്നു.<br>കൂടാതെ 2011 ജൂലൈ മാസത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു നൽകിയ അപേക്ഷയെ തുടർന്ന് 2012 മാർച്ചിൽ പ്രഖ്യാപിച്ച റെയിൽ ബജറ്റിൽ വിഴിഞ്ഞം പദ്ധതിയിലേയ്ക്കുള്ള റെയിൽപ്പാത ഉൾപ്പെടുത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ